(സി) പ്രായപൂർത്തിയാകാത്ത കുട്ടികൾ വാഹനമോടിക്കുന്നതും ഇതുമൂലമുണ്ടാകുന്ന അപകടങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത്തരം സംഭവങ്ങൾ തടയുന്നതിന് ശക്തമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല. റോഡപകടങ്ങൾമൂലമുള്ള മരണനിരക്ക് നേരിയതോതിൽ കുറയുന്നതായാണ് കണക്കുകൾ കാണിക്കുന്നത്.

(ബി) ഇല്ല. മോട്ടോർ വാഹന വകുപ്പ് ഡ്രൈവർമാർക്കായി നടത്തിക്കൊണ്ടിരിക്കുന്ന ബോധവൽക്കരണ ക്ലാസ്സുകൾ നിർത്തിവയ്ക്കാനുള്ള യാതൊരു നിർദ്ദേശവും നൽകിയിട്ടില്ല.

(സി) ഉണ്ട്. വാഹനമോടിക്കുന്ന പ്രായപൂർത്തിയാകാത്ത കുട്ടികൾക്കും വാഹനമോടിക്കുന്നതിന് അനുവദിക്കുന്ന വാഹന ഉടമകൾക്കും എതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചും, ശക്തമായ താക്കീത്, പിഴശിക്ഷ എന്നിവയിലൂടെയും ഇത്തരം സംഭവങ്ങൾ തടയാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

വടകര-തൊട്ടിൽപാലം ചെയിൻ സർവ്വീസ്

230 (4565) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടകര-തൊട്ടിൽപാലം ചെയിൻ സർവ്വീസ് കെ.എസ്.ആർ.ടി.സി. ആരംഭിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(ബി) ബസ്സുകളുടെ കുറവാണ് ചെയിൻ സർവ്വീസ് ആരംഭിക്കുന്നതിന് തടസ്സമെങ്കിൽ എം.എൽ.എയുടെ ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് ബസ്സുകൾ വാങ്ങി ചെയിൻ സർവ്വീസ് തുടങ്ങുവാൻ സാധിക്കുമോ ;

(സി) ഇക്കാര്യത്തിൽ സർക്കാരിന് ഉറപ്പ് നൽകുവാൻ കഴിയുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വടകര-തൊട്ടിൽപാലം ചെയിൻ സർവ്വീസ് ആരംഭിക്കുന്നതിനായി 6 ഷെഡ്യൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ബസുകളുടെ കുറവുമൂലം പ്രസ്തുത സർവ്വീസ് ആരംഭിക്കുവാൻ ഇതുവരെയും കഴിഞ്ഞിട്ടില്ല. ബസ്സുകൾ ലഭ്യമാകുന്ന മുറയ്ക്ക് ടി ചെയിൻ സർവ്വീസ് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പൊതുജനോപകാരപ്രദവും പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിലുള്ളതുമായ മൂലധന സ്വഭാവമുള്ള സ്ഥിരമായ ആസ്തികളുടെ സൃഷ്ടിയാണ് ആസ്തിവികസന പദ്ധതിയിൻകീഴിൽ ലക്ഷ്യമിടുന്നത്. ബസ്സ് വാങ്ങുന്ന പദ്ധതി ആസ്തി വികസന പദ്ധതിയുടെ മാനദണ്ഡങ്ങൾക്ക് അനുസൃതമല്ലാത്തതിനാൽ ഇത്തരം ശിപാർശകൾ അനുവദിക്കാൻ കഴിയില്ല.

(സി) പുതിയ ബസുകൾ പണിത് നിരത്തിലിറക്കുന്ന മുറയ്ക്ക് സൂപ്പർ ക്ലാസ് വിഭാഗത്തിൽ മാറ്റുന്ന ബസുകൾ ഉപയോഗിച്ച് ചെയിൻ സർവ്വീസുകൾ തുടങ്ങുവാൻ കഴിയുമോയെന്ന കാര്യം പരിഗണിക്കാവുന്നതാണ്.

ചെറായി ബീച്ച് - മൂന്നാർ ബസ് സർവ്വീസ്

231 (4566) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിനോദ സഞ്ചാര കേന്ദ്രങ്ങളായ ചെറായി ബീച്ചിനെയും മൂന്നാറിനെയും ബന്ധപ്പെടുത്തിക്കൊണ്ട് ആരംഭിച്ച ബസ് സർവ്വീസ് പ്രവർത്തനം നിലച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത സർവ്വീസ് നിർത്തുവാനുള്ള കാരണമെന്തെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത സർവ്വീസിന് ലഭിച്ചിരുന്ന ശരാശരി പ്രതിദിന കളക്ഷൻ എത്രയെന്ന് വിശദമാക്കാമോ ;

(ഡി) പ്രസ്തുത സർവ്വീസ് പുനരാരംഭിക്കുന്നതിന് സ്വീകരിച്ച നടപടിയെന്തെന്ന് വിശദമാക്കാമോ ;

(ഇ) സർവ്വീസ് എന്നത്തേക്ക് പുനരാരംഭിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഗോശ്രീ പാലം വഴി കെ.എസ്.ആർ.ടി.സി.-ക്ക് മാത്രം പെർമിറ്റ് അനുവദിക്കുന്നതിനെതിരെ പ്രൈവറ്റ് ബസ് ഓപ്പറേറ്റേഴ്സ് കോടതി വഴി സ്റ്റേ വാങ്ങിയതിനെ തുടർന്ന് ടി സർവ്വീസ് നിർത്തിവയ്ക്കേണ്ടതായി വന്നു.

(സി) പ്രസ്തുത സർവ്വീസിന് ലഭിച്ചിരുന്ന ശരാശരി പ്രതിദിന കളക്ഷൻ 5434 രൂപയായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly